**മാതൃഭൂമി** 16 June 2023

ചെറുമത്സ്യങ്ങളെ പിടിക്കൽ

# കിളിമീൻ നഷ്ടം 178 കോടി രൂപ, മത്തി 137 കോടി

കൊച്ചി▸ അനിയന്ത്രിത ചെറുമത്സ്യബന്ധനം കാരണം കേരളത്തിന്റെ സമുദ്ര മത്സ്യമേഖലയ്ക്ക് കഴിഞ്ഞ വർഷവും കനത്ത നഷ്ടമുണ്ടായെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). കഴിഞ്ഞ വർഷം കേരള തീരത്തുനിന്നു പിടിച്ച കിളിമീനുകളിൽ 31 ശതമാനവും നിയമപരമായി പിടിക്കാവുന്ന വലുപ്പത്തിനെക്കാൾ ചെറുതായിരുന്നു. ഇതുവഴി 178 കോടി രൂപയാണ് നഷ്ടം. മത്തിയുടെ കുഞ്ഞുങ്ങളെ പിടിച്ചതുവഴിയുള്ള നഷ്ടം 137 കോടി രൂപയാണ്.

'കേരളത്തിലെ മത്സ്യബന്ധനവും സുസ്ഥിര വികസനവും' എന്ന വിഷയത്തിൽ നടന്ന ശില്പശാലയിലാണ് സി.എം.എഫ്.ആർ.ഐ. ഈ കണക്ക് അവതരിപ്പിച്ചത്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ട്രോളിങ് നിരോധന കാലയളവിലാണ് മത്തിപോലുള്ള മീനുകളുടെ കുഞ്ഞുങ്ങളെ ധാരാളം പിടിക്കുന്നതെന്ന് റിപ്പോർട്ട് അവതരിപ്പിച്ച സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി.എം. നജ്മുദീൻ പറഞ്ഞു.

എന്നാൽ, എം.എൽ.എസ്. (മിനിമം ലീഗൽ സൈസ്) നടപ്പിലാക്കാൻ തുടങ്ങിയ ശേഷം ചെറുമീൻ മത്സ്യബന്ധനത്തിൽ മുൻകാലത്തെക്കാൾ കുറവ് വന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കൂടുതൽ മത്സ്യയിനങ്ങൾ നിയന്ത്രണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും നിലവിലെ ചില മത്സ്യയിനങ്ങളുടെ എം.എൽ.എസിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസ്സമദ് പറഞ്ഞു. ഒരു ടൺ ചെറുമത്തികൾ പിടിക്കുമ്പോൾ മത്സ്യമേഖലയ്ക്കുള്ള നഷ്ടം 4.54 ലക്ഷം രൂപയാണ്. ഇവയെ വളരാനനുവദിച്ചാൽ മത്സ്യമേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കുമാണ് ഗുണം. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

എം.എൽ.എസ്. നിയന്ത്രണം ഇന്ത്യയിൽ എല്ലായിടത്തും നടപ്പാക്കണമെന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ ആവശ്യപ്പെട്ടു. ചെറുമീൻപിടിത്തം നിരോധിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മതിയായ നഷ്ടപരിഹാരം നൽകണം. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യബന്ധന യാനങ്ങൾ കേരള തീരത്തേക്ക് വരുന്നത് തടയണം.

ഡോ. പി. ലക്ഷ്മിലത, ഡോ. സി. രാമചന്ദ്രൻ, ഡോ. എൻ. അശ്വതി, ഡോ. എം.വി. ബൈജു, എൻ.കെ. സന്തോഷ്, സംഗീത എൻ.ആർ., സന്ദീപ് പി., സേതു ജി., മത്സ്യമേഖലയെ പ്രതിനിധീകരിച്ച് ചാൾസ് ജോർജ്, ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, മോഹനൻ പി.ടി., അനന്തൻ കെ.വി., ഉണ്ണികൃഷ്ണൻ എ.ഡി., എം. മജീദ്, മണി നായരമ്പലം, സക്കറിയ കെ.എ., സോമൻ സി.കെ., ടോമി കെ.സി. എന്നിവർ സംസാരിച്ചു.